മറ്റ് 11 പോലീസുകാർക്ക് എതിരായിട്ടായിരുന്നു കേസ് രജിസ്റ്റർ ചെയ്തിരുന്നത്. പോലീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തി എന്നരോപിച്ചുകൊണ്ടുള്ള കേസിൽ ശ്രീ. കെ. സി. വേണുഗോപാൽ എം.എൽ.എ. മുൻസിപ്പൽ ചെയർമാൻ ഷുക്കൂർ, സുനിൽ തുടങ്ങിയവർക്കെതിരെയായിരുന്നു കേസ് രജിസ്റ്റർ ചെയ്തിരുന്നത്. കൃഷ്ണൻ റെഡ്ഡ്യാരുടെ പരാതി പ്രകാരമുള്ള കേസിൽ കോര, മോഹൻലാൽ തുടങ്ങിയവർക്കെതിരെയായിട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. 3 കേസുകളും കൊല്ലം ക്രൈംബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ആവശ്യമായ നിയമോപദേശം ലഭിച്ചശേഷം 3 കേസുകളും 'മിസറ്റേക് ഓഫ് ഫാക്ട്' ആയി റഫർ ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിലെ ബാലകൃഷ്ണനെ മർദ്ദിച്ച സംഭവം

69 (3259) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ബാലകൃഷ്ണൻ എന്ന പോലീസുകാരനെ മർദ്ദിച്ച സംഭവത്തിലെ പ്രതിയായ കെ.എസ്.ഇ.ബി. ജീവനക്കാരൻ സുനിലിനെതിരെ നിയമാനുസരണം റിപ്പോർട്ട് നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) നടപടി ഒന്നും സ്വീകരിച്ചില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) കൽപ്പറ്റ ഡി.വൈ.എസ്.പി. ആയിരുന്ന സോമസുന്ദരത്തിന്റെ നേതൃത്വത്തിൽ കള്ളക്കേസുകൾ എടുത്ത് ബാലകൃഷ്ണനെ ഉപദ്രവിച്ചു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ബാലകൃഷ്ണനെതിരെയുള്ള കേസ്സുകൾ ഹൈക്കോടതി നിർദ്ദേശപ്രകാരം ക്രൈം ബ്രാഞ്ച് അന്വേഷിച്ചശേഷം അന്വേഷണ ഉദ്യോഗസ്ഥൻ പെൻഷൻ പറ്റി 9 മാസത്തോളമായിട്ടും കോടതിക്ക് റിപ്പോർട്ട് കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കൽപ്പറ്റ ഡി.വൈ.എസ്.പി. ആയിരുന്ന സോമസുന്ദരം ക്രൈംബ്രാഞ്ച് എസ്.പി. ആയതിനാലുള്ള രഹസ്യ ഇടപെടൽ മൂലമാണ് കേസ്സിനു മറ്റു കാരണം പറഞ്ഞ് റിപ്പോർട്ട് കൊടുക്കാത്തതെന്ന് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(എഫ്) മേൽപ്പറഞ്ഞ ഡി. വൈ. എസ്. പിയെ പ്രോസിക്യൂട്ട് ചെയ്യാൻ അനുവാദം ആവശ്യപ്പെട്ട് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ജി) എങ്കിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന് പ്രസിഡന്റിന്റെ മെഡലിന് സർക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) നടപടി സ്വീകരിച്ചിട്ടില്ല. ഹെഡ് കോൺസ്റ്റബിൾ ബാലകൃഷ്ണൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ കേസന്വേഷണത്തിൽ ക്രമകേടുകൾ ഉണ്ടായിരുന്നതായി ആരോപിച്ച് ക്രിമിനൽ എം. സി. ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഇല്ല

(ഡി) 4-2-2000-ൽ പ്രസ്തുത കേസ്സുകളുടെ ഫൈനൽ റിപ്പോർട്ടുകൾ കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) പരാതി ലഭിച്ചിട്ടുണ്ട്.

(ജി) പരാതിയിൽമേൽ തീർപ്പ് കൽപ്പിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂരിൽ നടന്ന ബോംബ് സ്ഫോടനങ്ങൾ

70 (3260) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ നിയമസഭാ സമ്മേളനം ആരംഭിച്ച ശേഷം കണ്ണൂരിൽ എവിടെയെല്ലാം ബോംബുസ്ഫോടനമുണ്ടായിട്ടുണ്ട് ;

(ബി) ഈ സ്ഫോടനങ്ങളിൽ ആർക്കെല്ലാം പരിക്കുപറ്റിയിട്ടുണ്ട് ;

(സി) തലശ്ശേരിക്കടുത്ത് പുല്ലായിതോട്ടിലെ തയ്യുള്ളതിൽ ചന്ദ്രന്റെ രണ്ടു മക്കൾക്ക് 10-3-2000-ൽ ബോംബ് സ്ഫോടനത്തിൽ പരിക്കേൽക്കുകയുണ്ടായോ ;

(ഡി) ഈ കുട്ടികളുടെ പിതാവ് ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ഏതെങ്കിലും തലത്തിലെ ഭാരവാഹിയാണോ ;

(ഇ) എങ്കിൽ ഏത് കക്ഷിയുടെ ഏത് തലത്തിലുള്ള എന്തു ഭാരവാഹിയെന്ന് പറയുമോ ;

(എഫ്) ഇത് സംബന്ധിച്ച് കേസ്സെടുത്തിട്ടുണ്ടോ, ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ജി) ഇവിടെ സ്ഫോടനമുണ്ടായതെങ്ങനെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ താവക്കര എന്ന സ്ഥലത്തും കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ സെൻട്രൽ പോയലൂരിൽ പുല്ലായിത്തോട് എന്ന സ്ഥലത്തും ഓരോ സ്ഫോടനം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly